"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - 2024-2025 സാമ്പത്തിക വർഷം - ഗൃഹശ്രീ ഭവന പദ്ധതി- തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2025/HSG തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. സ. ഉ. (സാധാ) 24/2024/ഭവനം തീയതി 13.06.2024.
2. സ.ഉ. (സാധാ) നം. 54/2024/ഭവനം തീയതി 11.09.2024
3. സ.ഉ.(പി) 76/2024/ധന തീയതി 31.08.2024.
4. 09.01.2025 ലെ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/382/2025-AF1 നമ്പർ കത്ത്
5. സ.ഉ. (സാധാ) നം. 2/2025/ഭവനം തീയതി 25.01.2025.

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 4216-80-190-96(P) എന്ന ശീർഷകത്തിൽ 13.50 കോടി രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷം ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 4216-80-190-96(P) എന്ന ശീർഷകത്തിൽ വകയിരുത്തിയ 13.5 കോടി രൂപയിൽ നിന്നും 4 കോടി രൂപ പരാമർശം (2) പ്രകാരം റിലീസ് ചെയ്യുകയും ചെയ്തു. പദ്ധതി വിഹിത പുനഃക്രമീകരണ നടപടികളുടെ ഭാഗമായി പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് വകുപ്പിൽ ആകെ അനുമതി നല്കിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാൻ പരാമർശം (3) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഗൃഹശ്രീ ഭവന പദ്ധതിയുടെ ഭരണാനുമതി തുക 750.00 ലക്ഷം രൂപയായി പരാമർശം (5) പ്രകാരം പുനഃക്രമീകരിക്കുകയുണ്ടായി. ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 519.50 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 4216-80-190-96(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) താഴെപ്പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 16.04.2018-ലെ സ.ഉ.(പി) നം.62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക

ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2. 09/12/2008-ലെ സർക്കുലർ നം. 84/2008/ധന-യിലെയും, 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും, 09.01.2020-ലെ സ.ഉ.(കൈ) നം. 04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഗേഷ്.ഡി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
4. ധനകാര്യ (പി.യു.സി) വകുപ്പ് (ഫയൽ നം. PU-C3/103/2024-FIN)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 21-03-2025 16:17:39

സെക്ഷൻ ഓഫീസർ